പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 759 10/02/2016 ൽ മറുപടിക്ക്

കുറ്റ്യാടി താലൂക്ക് ആശുപത്രി

| ചോദ്യം<br>ശ്രീമതി.കെ.കെ.ലതിക | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തിയതിന്റെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് പുതിയതായി. ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 16/11/2015 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 261/2015/ആ.കു.വ. പ്രകാരം സംസ്ഥാനത്തെ 35 താലൂക്ക് ആശുപത്രികളിൽ പുതുതായി കാഷ്വാലിറ്റി സംവിധാനം അനുവദിക്കുകയും ഡോക്ടർമാരുടെ 148 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഉത്തരവിൽ കുറ്റ്യാടി താലൂക്ക് ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട് എങ്കിലും നിലവിൽ കാഷ്വാലിറ്റി സംവിധാനത്തിന്റെ ഭാഗമായി പുതിയ സൗകര്യങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല. പുതുതായി സൃഷ്ടിച്ചതുൾപ്പെടെയുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകിയും സ്ഥലംമാറ്റം വഴിയും പ്രസ്തുത ഒഴിവുകൾ നികത്തുന്നതാണ്. |
| (ബി) | പ്രസ്തുത സംവിധാനങ്ങൾക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | നിലവിൽ ഫണ്ടുകൾ ഒന്നും അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ